**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **05-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ; | (എ) | **കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപ്രതിക്കുവേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള നടപടികൾ, ഫയർ ആന്റ് സേഫ്റ്റിയുടെ എൻ.ഒ.സി ലഭിക്കുന്നതിനുള്ള നടപടികൾ, തുടങ്ങിയവ സ്വീകരിച്ചു വരുന്നു. കൂടാതെ, എൻ. എച്ച്.എം. ആർ.ഒ.പി 2021-22 അനുസരിച്ച് 2.85 കോടി രൂപയ്ക്ക് മെഡിക്കൽ ഗ്യാസ് സിസ്റ്റം, മോഡുലാർ ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 19.11.2022 ൽ ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ഏജൻസിയായ WAPCOS മുഖേനയാണ് പ്രവൃത്തി നടത്തുന്നത്. എൻ.എച്ച്.എം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1.60 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതിനു പുറമെ 13.37 ലക്ഷം രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഭരണാനുമതി നൽകിയ 1.16 കോടി രൂപയുള്ള വിവിധതരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ആശുപത്രിയുടെ പൂർണതോതിലുള്ള പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇവയെല്ലാം പൂർത്തിയായാലുടൻ തന്നെ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.** |
| (ബി) | ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | സ്റ്റാഫ് നഴ്സ് - 7, ഫാർമസിസ്റ്റ് - 2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് - 1 എന്നിങ്ങനെ 12 തസ്തികകൾ 22/09/2021 - ലെ സ.ഉ(കൈ) നം.168/2021/ആ.കു.വ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രി പ്രവർത്തനത്തിന് അനിവാര്യമായ ഡോക്ടർമാരുടെയും |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ